MATHRUBHUMI - 14-01-2025

# മത്സ്യത്തൊഴിലാളികൾക്ക് ശബ്ദസന്ദേശം നൽകാൻ സിഫ്റ്റിന്റെ പദ്ധതി



മത്സ്യത്തൊഴിലാളികൾക്ക് ശബ്ദസന്ദേശം നൽകുന്ന പദ്ധതിയുടെ ഉദ്ഘാടനം സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ നിർവഹിക്കുന്നു

**തോപ്പുംപടി** ▸ കടൽ സുരക്ഷ, ബോട്ട് സുരക്ഷ, മത്സ്യ ശുചിത്വം, മത്സ്യ മൂല്യവർധിത ഉത്പന്നങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ മത്സ്യത്തൊഴിലാളി സമൂഹത്തിന് ഫോൺ വഴി നൽകുന്നതിനായി സിഫ്റ്റ് ആവിഷ്കരിച്ച പദ്ധതിക്ക് തുടക്കമായി. സിഫ്റ്റും റിലയൻസ് ഫൗണ്ടേഷനും ചേർന്ന് നടപ്പാക്കുന്ന പദ്ധതിയുടെ ഉദ്ഘാടനം സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ നിർവഹിച്ചു. സിഫ്റ്റിലെ ശാസ്ത്രജ്ഞന്മാരുടെ സഹായത്തോടെ ഈ വിവരങ്ങൾ റിലയൻസ് ഫൗണ്ടേഷൻ വോയിസ് കാൾ വഴി സൗജന്യമായി മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതാണ് പദ്ധതി. സിഫ്റ്റിലെ എക്സ്റ്റൻഷൻ ഇൻഫർമേഷൻ ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം ഏകോപിപ്പിക്കുന്ന പരിപാടി മത്സ്യത്തൊഴിലാളികൾക്ക് വിശ്വസനീയമായ വിവരങ്ങൾ ഉറപ്പാക്കും. ആറ് തീരദേശ ജില്ലകളിലെ 60000-ത്തോളം മത്സ്യത്തൊഴിലാളികൾക്ക് ഈ സേവനം ലഭ്യമാകുമെന്ന് റിലയൻസ് ഫൗണ്ടേഷൻ ക്ലസ്റ്റർ മാനേജർ നഫാസ് കെ. നാസർ പറഞ്ഞു.